# ശങ്കരദിഗ്വിജയം

## സംസ്കൃതം മൂലം

## വിദ്യാരണ്യസ്വാമികൾ

സ ഹി ജാതു ഗുരോഃ കുലേ വസൻ
സവയോഭിഃ സഹ ഭൈക്ഷലിപ്സയാ
ഭഗവാൻ ഭവനം ദ്വിജന്മനോ
ധനഹീനസ്യ വിവേശ കസ്യചിത് 1

തമവോചത തത്ര സാദരം
വടുവര്യം ഗൃഹിണഃ കുടുംബിനീ
കൃതിനോ ഹി ഭവാദൃശേഷു യേ
വരിവസ്യാം പ്രതിപാദയന്തി തേ 2

വിധിനാ ഖലു വഞ്ചിതാ വയം
വിതരീതും വടവേ ന ശക്നുമഃ
അപി ഭൈക്ഷമകിഞ്ചനത്വതോ
ധിഗിദം ജന്മ നിരർത്ഥകം ഗതം 3

ഇതി ദീനമുദീരയന്ത്യസൗ
പ്രദദാവാമലകം വ്രതീന്ദവേ
കരുണം വചനം നിശമ്യ സോ-
പ്യഭവത് ജ്ഞാനനിധിർദയാർദ്രധീഃ 4

സ മുനിർമുരഭിത്കുടുംബിനീം
പദചിത്രൈർനവനീതകോമളൈഃ
മധുരൈരുപതസ്ഥിവാംസ്സ്തവൈഃ
ദ്വിജദാരിദ്ര്യദശാനിവൃത്തയേ 5

അമുനാ വചനേന തോഷിതാ
കമലാ തദ്ഭവനം സമന്തതഃ
കനകാമലകൈരപൂരയ-
ജ്ജനതായാ ഹൃദയം ച വിസ്മയൈഃ 6

അമരസ്പൃഹണീയസമ്പദം
ദ്വിജവര്യസ്യ നിവേശമാത്മവാൻ
സ വിധായ യഥാപുരം ഗുരോഃ
സവിധേ ശാസ്ത്രവരാണ്യശിക്ഷത 7

# ശങ്കരദിഗ്വിജയം

## മലയാളം വിവർത്തനം

## ഹരിപ്രസാദ്,വി.ടി.കടമ്പൂര്

ഒരുനാൾ ഗുരുഗേഹവാസിയാം
ഭഗവാൻ ഭിക്ഷയതേറ്റുവാങ്ങുവാൻ
സ്വവയസ്യരുമായ് ദരിദ്രനാ-
മൊരു വിപ്രന്റെ ഗൃഹത്തിലെത്തിനാൻ

ഗൃഹനായികയോതി സാദരം
വടുവോടീവിധം-ഏതൊരാളഹോ!
പരിപൂജ ഭവാന്നുതുല്യരിൽ
പരികല്പി,പ്പവർ പുണ്യശാലികൾ

വിധിവഞ്ചിതരായ ഞങ്ങ,ളീ-
വടുവി,ന്നെങ്ങനെ ഭിക്ഷ നല്കിടും?
അതിനിന്ദ്യ,മനർത്ഥകം സദാ
ബഹുദാരിദ്ര്യമെഴുന്ന ജീവിതം

അതിവേദനയോ,ടിതോതി,യാ-
സതി നെല്ലിക്ക വ്രതീന്ദ്രനേകിനാൾ
അറിവിൻനിധിയും കൃപാർദ്രമീ-
വചനം കേട്ട് ദയാർദ്രചിത്തനായ്

പുതുവെണ്ണകണക്ക് സ്നിഗ്ദ്ധമായ്
മധുവൂറുന്ന പദങ്ങളാൽ മുനി
ഹരിവല്ലഭയെ സ്തുതിക്കയായ്
ദ്വിജദാരിദ്ര്യവിനാശനത്തിനായ്

രമ,യീമൊഴികേട്ടു തുഷ്ടയാ-
യതിവേഗം പരിപൂർണ്ണമാക്കിനാൾ
കനകാമലവൃഷ്ടിയാൽ ഗൃഹം,
ജനചിത്തം ബഹുവിസ്മയങ്ങളാൽ

അമരർക്കുമസൂയതോന്നിടും-
വിധ,മാ വിപ്രനു നല്കി സമ്പദം
ഗുരുസന്നിധിപൂകി വീണ്ടു,മാ-
യമി ശാസ്ത്രങ്ങളെയഭ്യസിച്ചിതേ!